പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

©

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

1479/2022.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 147

# 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ബിൽ

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) ഇനിപ്പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിമൂന്നാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2022-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) രണ്ടാം ഭേദഗതി ആക്റ്റ് എന്ന് പേര് പറയാം.

(2) 2-ാം വകുപ്പ് 2023 ജനുവരി 1-ന് പ്രാബല്യത്തിൽ വരുന്നതും 3-ാം വകുപ്പ് 2019 ജനുവരി 1-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതുമാണ്.

2. 18-ാം വകുപ്പിന്റെ ഭേദഗതി.—2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 18-ാം വകുപ്പിൽ “നാല് വർഷക്കാലംവരെ" എന്ന വാക്കുകൾക്കു പകരം "നാല് വർഷവും ആറ് മാസവും വരെ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 51-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധനയിൽ “ രണ്ട് ” എന്ന വാക്കിനു പകരം “ നാല് ” എന്ന വാക്ക് ചേർക്കേണ്ടതാണ്.

4. സാധൂകരിക്കൽ.—പ്രധാന ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പ് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനായിട്ടുള്ള കാലാവധി ഈ ഭേദഗതി ആക്റ്റ്

പ്രകാരം ഭേദഗതി ചെയ്ത 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിന്റെ ക്ലിപ്തനിബന്ധന പ്രകാരം ദീർഘിപ്പിക്കപ്പെട്ടതായി കരുതപ്പെടേണ്ടതും, അതനുസരിച്ച് 51-ാം വകുപ്പ് പ്രകാരം ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള കാലാവധി അവസാനിച്ചു എന്ന കാരണത്താൽ മാത്രം അസാധുവായിത്തീരുന്നുവെന്നോ എപ്പോഴെങ്കിലും അസാധുവായിരുന്നുവെന്നോ കരുതപ്പെടാൻ പാടുള്ളതല്ല.

## ഉദ്ദേശ്യകാര്യങ്ങളുടെ വിവരണം

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ 18-ാം വകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷന്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ നാലു വർഷക്കാലം വരെ സാധുതയുണ്ടായിരിക്കുന്നതാണ്. 19-ാം വകുപ്പിന്റെ (2)-ാം ഉപവകുപ്പ് പ്രകാരം താൽക്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനവും, താൽക്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് അറുപതു ദിവസം മുൻപായി സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്. പല ക്ലിനിക്കൽ സ്ഥാപനങ്ങളുടെയും താൽക്കാലിക രജിസ്ട്രേഷൻ 1-1-2019 മുതൽ തുടങ്ങിയിരുന്നു. നിലവിലെ നിയമപ്രകാരം പ്രസ്തുത സ്ഥാപനങ്ങൾ 2022 ഒക്ടോബർ 31-നു മുമ്പായി സ്ഥിര രജിസ്ട്രേഷനുള്ള അപേക്ഷ നൽകേണ്ടതായിരുന്നു. എന്നാൽ, ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ട നിലവാരങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ പ്രസ്തുത നിലവാരങ്ങൾ നിശ്ചയിക്കാതെ സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കാൻ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് സാധിക്കില്ല. ആയതിനാൽ താൽക്കാലിക രജിസ്ട്രേഷന്റെ കാലാവധി 6 മാസത്തേയ്ക്ക് കൂടി ദീർഘിപ്പിക്കുന്നതിനായി 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിൽ ഭേദഗതി വരുത്തുന്നതിനു സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേക്ക് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ 18-ാം വകുപ്പിൽ "നാല് വർഷക്കാലംവരെ" എന്ന വാക്കുകൾക്കു പകരം "നാല് വർഷവും ആറ് മാസവും വരെ" എന്ന് ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

2. കൂടാതെ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്ന പക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അത് കരുതുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് എന്നും എന്നാൽ ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല എന്നും വ്യവസ്ഥ ചെയ്യുന്നു.

3. കോവിഡ്-19 മഹാമാരി കാരണം നിലവിലുണ്ടായിരുന്ന നിയന്ത്രണങ്ങൾ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് കൗൺസിലിന്റെ സുഗമമായ തുടർ പ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കുകയും വിവിധ സംഘടനകളുമായിട്ടുള്ള ചർച്ചകൾ, സബ്-കമ്മറ്റികളുടെ രൂപീകരണം, സംസ്ഥാന കൗൺസിൽ യോഗങ്ങൾ എന്നിവ ഉൾപ്പെടെ മാറ്റി വയ്ക്കേണ്ട സാഹചര്യവും ഉണ്ടായിട്ടുണ്ട്. ആയതിനാൽ പ്രസ്തുത വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനു ആക്റ്റിലെ 51-ാം വകുപ്പിലെ (1)-ാം ഉപവകുപ്പിലെ വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള രണ്ട് വർഷമെന്ന കാലാവധി നാല് വർഷമാക്കി ദീർഘിപ്പിക്കുവാൻ സർക്കാർ തീരുമാനിച്ചു. പ്രസ്തുത ആവശ്യത്തിലേയ്ക്ക് 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ 51-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പിലെ ക്ലിപ്തനിബന്ധനയിൽ "രണ്ട്" എന്ന വാക്കിനു പകരം "നാല്" എന്ന വാക്ക് ചേർത്ത് ഭേദഗതി ചെയ്യുവാൻ സർക്കാർ തീരുമാനിക്കുകയുണ്ടായി.

4. മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും ആവർത്തകവും അനാവർത്തകവുമായ യാതൊരു അധിക ചെലവും ഉണ്ടാകുന്നതല്ല.

**വീണാ ജോർജ്ജ്**

## 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിൽ (2018-ലെ 2-ാം ആക്റ്റ്) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

18. താത്കാലിക രജിസ്ട്രേഷന്റെ സാധുത.—താത്കാലിക രജിസ്ട്രേഷന്, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതി മുതൽ നാല് വർഷക്കാലംവരെ സാധുതയുണ്ടായിരിക്കുന്നതാണ്.

** ** ** **

51. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവ് വഴി, ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്ന് അത് കരുതുന്നതും ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്തതുമായ വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ്:

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനു ശേഷം അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

** ** ** **